
MBC MINISTRIES

# വിവാഹം
# വിവാഹമോചനം
# പുനർവിവാഹം



ജോൺസൺ പൂമല

# വിവാഹം...
# വിവാഹമോചനം...
# പുനർവിവാഹം...

**ജോൺസൺ പൂമല**

malayalambiblecommentary@gmail.com

+91 9400503238

# വിവാഹം... വിവാഹമോചനം... പുനർവിവാഹം...

ക്രിസ്തുവിശ്വാസികളോടുള്ള ബന്ധത്തിൽ വിവാഹം, വിവാഹ മോചനം, പുനർവിവാഹം എന്നീ വിഷയങ്ങളിൽ, അപ്പോസ്തോലിക നിർദേശങ്ങളാണ് 1 കൊരി. 7 –ാം അധ്യായത്തിൽ നാം കാണുന്നത്. എല്ലാവർക്കും വിവാഹിതരാകാമോ? ഏതു കാരണം ചൊല്ലിയും വിവാഹ മോചനം നടത്താമോ? വീണ്ടും വിവാഹിതരാകാമോ? ഈ നിലയിൽ വിശ്വാസികൾക്കുള്ള ചോദ്യങ്ങളുടെ മറുപടിയാണ് 1–16 വാക്യങ്ങളിൽ അപ്പോസ്തലൻ നൽകുന്നത്.

വിവാഹത്തെ സംബന്ധിച്ചും വിവാഹമോചനത്തെ സംബന്ധിച്ചും പുനർവിവാഹത്തെ സംബന്ധിച്ചും കൊരിന്തിലെ വിശ്വാസികൾക്ക് ഉണ്ടായിരുന്നത് പോലെയുള്ള പല തെറ്റിദ്ധാരണകളും ഇക്കാലത്തെ വിശ്വാസികളുടെ ഇടയിലും ഉണ്ട്. പ്രസ്തുത വിഷയങ്ങളിൽ വചനത്തിലെ ഉപദേശം മനസ്സിലാക്കുവാനും അതുവഴി തെറ്റിദ്ധാരണകൾ അകറ്റുവാനുമാണ് ഇതിലൂടെ ശ്രമിക്കുന്നത്.

മേൽ പ്രസ്താവിച്ച വിഷയങ്ങളോട് ബന്ധപ്പെട്ട് മൂന്ന് നിർദ്ദേശങ്ങളാണ് അപ്പോസ്തലൻ 1 കൊരി. 7:1–16 വാക്യങ്ങളിൽ നൽകിയിരിക്കുന്നത്.

വിവാഹ ജീവിതവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ (1–9)

വിവാഹമോചനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ (10–11)

പുനർ വിവാഹവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ (9,15–16)

ഇവ ഓരോന്നും അതതിന്റെ പശ്ചാത്തലത്തിൽ മനസ്സിലാക്കുവാനാണ് ഈ പഠനത്തിലൂടെ ശ്രമിക്കുന്നത്.

## I. വിവാഹജീവിതവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ (10 – 11)

വിവാഹ ജീവിതവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ മൂന്നു നിലയിലുള്ളവർക്കാണ് അപ്പോസ്തലൻ നൽകുന്നത്.

## 1. വിവാഹ ജീവിതത്തിന് വരം ലഭിക്കാത്തവർ (1-7)

വിവാഹം ദൈവം സ്ഥാപിച്ചതാണെന്ന് വരികിലും, എല്ലാവർക്കും മാന്യമാണെന്ന് വചനം പറയുന്നുവെങ്കിലും, വിവാഹം വിലക്കുന്നത് വചനവിരുദ്ധമാകുമെങ്കിലും, ദൈവവചനം സൂക്ഷ്മമായി പരിശോധിച്ചാൽ വിവാഹം എല്ലാവർക്കും നിർബന്ധം അല്ലെന്നും എല്ലാവർക്കും യോജിച്ചതല്ലെന്നും കാണുവാൻ കഴിയും. കാരണം, വിവാഹ ജീവിതം ഒരു വരമാണ്. വിവാഹം കൂടാതെയുള്ള ജീവിതം വേറൊരു വരമാണ് (1 കൊരി. 7:7 c.f. മത്തായി 19:11-12). അതുകൊണ്ട്, വിവാഹ ജീവിതത്തിന് വരം ലഭിച്ചവർ വിവാഹിതരാകണം. വിവാഹം കൂടാതെയുള്ള ജീവിതത്തിന് വരം ലഭിച്ചവർ വിവാഹിതരാകരുത്, ആരും അവരെ അതിന് നിർബന്ധിക്കുകയും അരുത്. കാരണം, അവർ വിവാഹം ചെയ്താൽ അവരുടെ വിവാഹജീവിതം പരാജയമായിരിക്കും. വിവാഹ ജീവിതത്തിലെ വൈവിധ്യ അനുഭവങ്ങളോട് പൊരുത്തപ്പെടുവാൻ അവർക്ക് കഴിയുകയുമില്ല. എന്നാൽ അവർ അവിവാഹിതരായി തന്നെ നിലനിന്നാൽ കുടുംബജീവിതത്തിലെ ബദ്ധപ്പാടുകൾ ഒന്നുമില്ലാതെ കർത്താവിനെ കൂടുതൽ സ്നേഹിക്കുവാനും സേവിക്കുവാനും അവർക്ക് സാധിക്കും.

എന്നാൽ മനുഷ്യരിൽ വിവാഹ സംബന്ധമായി ഇങ്ങനെ ഒരു വ്യത്യാസം ഉണ്ടെന്ന് മനസ്സിലാക്കാതെ വിവാഹ പ്രായമായി എന്ന കാരണത്താൽ കടമകൾ തീർക്കുവാനായി, മക്കളെ വിവാഹ ജീവിതത്തിനായി നിർബന്ധിക്കുകയും വിവാഹ ജീവിതത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്ന മാതാപിതാക്കൾ മക്കളുടെ ഭാവി അപകടത്തിൽ ആക്കുകയാണ് ചെയ്യുന്നത്. പല വിവാഹമോചനങ്ങളുടെയും അടിസ്ഥാന കാരണം ഇതാണ്.

## 2. വിവാഹ ജീവിതത്തിന് വരം ലഭിച്ചവർ (7:7)

വിവാഹ ജീവിതത്തിന് വരം ലഭിച്ചവർ വിവാഹിതരാകണം. കാരണം, വിവാഹം കൂടാതെയുള്ള ജീവിതം അവർക്ക് സന്തോഷമില്ലാത്തതും, സംതൃപ്തിയില്ലാത്തതും, ആനന്ദമില്ലാത്തതും, മുഷിപ്പുളവാക്കുന്നതും, പ്രയാസകരവുമാണ്. എന്നാൽ വിവാഹിതരായാൽ വിവാഹബന്ധത്തിൽ ഉള്ളവർക്ക് അന്യോന്യം കടപ്പാടുകളും ഉത്തരവാദിത്വങ്ങളും ഉണ്ട്; ഈ ആവശ്യത്തിനായി അവർ അന്യോന്യം സമർപ്പിക്കപ്പെട്ടിരിക്കുകയും ബന്ധിക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നു.

## 3. വിവാഹം കഴിയാത്തവരും വിധവകളും (8-9)

വിശ്വാസത്തിൽ വരുന്നതിനുമുമ്പ് വിവാഹബന്ധം കൂടാതെ പാർക്കുന്ന മൂന്നു തരത്തിലുള്ളവരെ കുറിച്ച് അപ്പോസ്തലൻ ഈ അധ്യായത്തിൽ പരാമർശിക്കുന്നുണ്ട്.

a. കന്യകമാർ: ഇതുവരെയും വിവാഹ ബന്ധത്തിൽ ഏർപ്പെടാത്തവർ (25)
b. വിധവകൾ: ഒരിക്കൽ വിവാഹിതരെങ്കിലും ജീവിതപങ്കാളിയുടെ മരണം നിമിത്തം ഇപ്പോൾ വിവാഹം കൂടാതെ പാർക്കുന്നവർ (8)
c. വിവാഹം കഴിയാത്തവർ: 'വിവാഹം കഴിയാത്തവർ' എന്നത് വിധവമാരോട് ചേർത്തും എന്നാൽ കന്യകമാരിൽ നിന്നും വേറിട്ടു പറഞ്ഞിരിക്കുന്നത് കൊണ്ടും, 'വിവാഹം കഴിയാത്തവർ' എന്നതും 'വിവാഹം കൂടാതെ' എന്നതും ഒരേ പദം ആകകൊണ്ടും (unmarried) വിവാഹം കഴിയാത്തവർ എന്നതുകൊണ്ട് വിശ്വാസത്തിൽ വരുന്നതിന് മുമ്പ് തന്നെ വിവാഹബന്ധം വേർപിരിഞ്ഞവരും എന്നാൽ ഇതുവരെയും പുനർവിവാഹം ചെയ്യാത്തവരെയുമാണ് അപ്പോസ്തലൻ ഉദ്ദേശിക്കുന്നത്. ഇങ്ങനെയുള്ളവർക്കും വിധവകൾക്കും വിശ്വാസത്തിൽ വന്നശേഷം വീണ്ടും വിവാഹിതരാകാമോ എന്ന ചോദ്യത്തിനുള്ള മറുപടിയാണ് അപ്പോസ്തലൻ ഇവിടെ നൽകുന്നത്.

ഈ വിഷയത്തിൽ ഒന്നാമത് ഉള്ള അപ്പോസ്തലിക അഭിപ്രായം 'അവർ എന്നെപ്പോലെ പാർത്തു കൊണ്ടാൽ അവർക്ക് കൊള്ളാം' എന്നാണ്. കർത്താവിന്റെ വേലയോടുള്ള ബന്ധത്തിലാണ് ഈ സ്ഥിതി കൊള്ളാവുന്നതാകുന്നത് (32-34 c.f. 26). കാരണം ഈ അവസ്ഥയിൽ നിലനിന്നാൽ കർത്താവിനായി കൂടുതൽ സമയവും സംവിധാനങ്ങളും സമ്പത്തും ചിലവഴിക്കാൻ അവർക്ക് സാധിക്കും. മാത്രമല്ല കൂടുതൽ സമർപ്പണത്തോടും ഏകാഗ്രതയോടും ഭക്തിയോടും കൂടി ജീവിക്കുവാനും സാധിക്കും. ഇതിന് വചനത്തിൽ പല തെളിവുകളുണ്ട്.

ഉദാഹരണമായി, ലൂക്കോസ് എഴുതിയ സുവിശേഷത്തിൽ ഏഴുവർഷം മാത്രം വിവാഹ ജീവിതവും തുടർന്ന് 84 വർഷങ്ങൾ വിധവയായും ജീവിച്ച ഹന്ന എന്ന പ്രവാചകിയെ നാം കാണുന്നു. കഴിഞ്ഞ 84 വർഷങ്ങൾ അവൾ ദേവാലയം വിട്ടു പോകാതെ ഉപവാസം പ്രാർത്ഥന ആരാധന കഴിച്ചു പോരുകയായിരുന്നു എന്ന് ലൂക്കോസ് പറയുന്നു (ലൂക്കോസ് 2:36-37).

ഈ വിഷയത്തിൽ രണ്ടാമതായുള്ള അപ്പോസ്തലിക അഭിപ്രായം 'ജിതേന്ദ്രിയത്വം ഇല്ലെങ്കിലോ അവർ വിവാഹം ചെയ്യട്ടെ' എന്നാണ് (9). അവിവാഹിതരായവർക്ക് ബ്രഹ്മചര്യ വരമില്ലെങ്കിൽ വേഗത്തിൽ പ്രലോഭിപ്പിക്കപ്പെടുകയും അത് ദുർന്നടപ്പിന് ഇടയാക്കുകയും ചെയ്യും. അതുകൊണ്ട് അങ്ങനെയുള്ളവർ വിവാഹം കഴിക്കുന്നതാണ് നല്ലത്. ഇക്കാരണത്താലാണ് 'ആകയാൽ ഇളയവർ വിവാഹം ചെയ്യുകയും പുത്രസമ്പത്തുണ്ടാക്കുകയും ഭവനം രക്ഷിക്കുകയും വിരോധിക്ക് അപവാദത്തിന് അവസരം കൊടുക്കാതിരിക്കുകയും വേണം' എന്നും (1 തിമൊ. 5:14) 'അഴലുന്നതിനേക്കാൾ വിവാഹം കഴിക്കുന്നത് നല്ലത്' എന്നും അപ്പോസ്തലൻ പറയുന്നത് (1 കൊരി. 7:9). ഇങ്ങനെയുള്ളവർക്ക് (വിവാഹം കഴിയാത്തവർ, വിധവകൾ) തങ്ങൾക്ക് മനസ്സുള്ളവരുമായി വിവാഹം ചെയ്യാമെങ്കിലും (1 കൊരി. 7:39) ഒരു വിശ്വാസിയെ മാത്രമേ വിവാഹം കഴിക്കാവൂ.

ചുരുക്കത്തിൽ വിശ്വാസത്തിൽ വരുന്നതിനുമുമ്പ് വിവാഹബന്ധം വേർപിരിഞ്ഞവർക്കും വിധവകളായി തീർന്നവർക്കും വിശ്വാസികളായി തീർന്നശേഷം തങ്ങൾക്ക് മനസ്സുള്ളവരുമായി പുനർവിവാഹത്തിന് അവകാശം ഉണ്ടെന്ന് അപ്പോസ്തലൻ പറയുന്നു.

## II. വിവാഹമോചനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

### 1. വിവാഹമോചനം സാധ്യമല്ലാത്ത സാഹചര്യങ്ങൾ (10-11)

a. നവവധുവിനെതിരെ അപവാദം പറഞ്ഞുണ്ടാക്കിയാൽ വിവാഹമോചനം സാധ്യമല്ല (ആവർത്തനം 22:13-19)

ഒരു പുരുഷൻ ഒരു ഭാര്യയെ എടുത്ത് അവളുടെ അടുക്കൽ ചെന്നിട്ട് അവളിൽ കന്യകാലക്ഷണം കണ്ടില്ല എന്ന് പറഞ്ഞു അവളെ വെറുക്കുകയും അവളുടെ മേൽ നാണക്കേട് ചുമത്തുകയും അപവാദം പറഞ്ഞുണ്ടാക്കുകയും ചെയ്ത ശേഷം കാര്യം അങ്ങനെയല്ലെന്ന് പിന്നീട് തെളിഞ്ഞാൽ അവൻ യുവതിയുടെ അപ്പന് 100 വെള്ളിക്കാശ് പിഴ കൊടുക്കുകയും അവൾ അവന് ഭാര്യയായിരിക്കുകയും വേണം. അവന്റെ ആയുഷ്ക്കാലത്ത് ഒരിക്കലും അവളെ ഉപേക്ഷിച്ചു കൂടാ.

b. കന്യകയ്ക്ക് പോരായ്ക വരുത്തിയാൽ വിവാഹമോചനം സാധ്യമല്ല (ആവർത്തനം 22:28-29)

വിവാഹനിശ്ചയം കഴിയാത്ത കന്യകയായ ഒരു യുവതിയോട് കൂ

ടെ ഒരുവൻ ശയിക്കുന്നത് പിടിക്കപ്പെട്ടാൽ അവൻ യുവതിയുടെ അപ്പന് 50 വെള്ളിക്കാശ് കൊടുക്കണം, അവൾ അവന്റെ ഭാര്യയാകുകയും വേണം അവന്റെ ആയുഷ്കാലത്തൊരിക്കലും അവളെ ഉപേക്ഷിച്ചു കൂടാ.

c. ആവർത്തനം 24 ന്റെ അടിസ്ഥാനത്തിൽ വിവാഹമോചനം സാധ്യമല്ല (ആവർത്തനം 24:1–4)

ആവർത്തനം 24 ൽ 1–4 വരെ വാക്യങ്ങൾ വലിയ ഒരു സങ്കീർണ വാചകമാണ്. അതിന്റെ പ്രധാന വിഷയം വിവാഹമോചനത്തിനുള്ള വ്യവസ്ഥയല്ല, പുനർ വിവാഹത്തിനുള്ള വ്യവസ്ഥയുമല്ല. മറിച്ച് പുനർവിവാഹത്തിനുള്ള പരിമിതിയും നിയന്ത്രണവുമാണ്. അതുകൊണ്ട് വ്യാഖ്യാന വ്യാകരണ നിയമപ്രകാരം ഈ വേദഭാഗം വിവാഹമോചനത്തിനും പുനർവിവാഹത്തിനും ഉള്ള തെളിവായി ഉപയോഗിക്കാൻ പാടില്ല. മറിച്ച് പുനർവിവാഹത്തിന്റെ പരിമിതികൾ എന്തെല്ലാം എന്നതിന്റെ തെളിവായി മാത്രമേ ഉപയോഗിക്കാവൂ. മാത്രമല്ല ഇവിടെ ഉപേക്ഷിക്കപ്പെട്ടവൾ അശുദ്ധയായത് പരസംഗം നിമിത്തമല്ലാത്ത ഉപേക്ഷണത്തിലൂടെയാണ്; പരസംഗം നിമിത്തം അല്ലാത്ത ഉപേക്ഷണം വ്യഭിചാരത്തിനിടയാക്കുന്നതുകൊണ്ടാണ് (മത്തായി 5:31,32; 19:9). ആവർത്തനം 24:1–4 വാക്യങ്ങളുടെ അടിസ്ഥാനത്തിൽ വിവാഹമോചനം സാധ്യമല്ല എന്ന് പറയുന്നത്.

d. ഏതൊരു നിസാര കാരണത്താലും വിവാഹമോചനം സാധ്യമല്ല (മത്തായി 19:31 c.f. കൊരി. 7:10–11)

അപ്പോസ്തലന്റെ ഈ ഉപദേശത്തിന് അടിസ്ഥാനം കർത്താവിന്റെ കൽപ്പനയാണ്. അതുകൊണ്ടാണ് ‘വിവാഹം കഴിഞ്ഞവരോടോ ഞാനല്ല കർത്താവ് തന്നെ കൽപ്പിക്കുന്നത്’ എന്ന ആമുഖത്തോടെ അപ്പോസ്തലൻ ഈ ഉപദേശം അറിയിക്കുന്നത്. കർത്താവിന്റെ ഉപദേശപ്രകാരം (7:11) ‘ഭാര്യ ഭർത്താവിനെ വേർപിരിയരുത്... ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കുകയുമരുത്‘ എന്നാണ്. കർത്താവിന്റെ ഈ ഉപദേശത്തിന് അടിസ്ഥാനം ഉല്പത്തി പുസ്തകത്തിലെ ‘പുരുഷൻ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും അവർ ഒരു ദേഹമായിത്തീരും‘ എന്ന ആദ്യ വചനമാണ് (ഉല്പത്തി 2:24). ഇക്കാരണത്താലാണ് ‘ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്’; അർത്ഥാൽ പുരുഷനെ ഭാര്യയോട് യോജിപ്പിച്ചുകൊണ്ട് ദൈവം ആദ്യം സ്ഥാപിച്ച ഒരു നിയമത്തെ

പിന്നീട് ഉണ്ടായ പ്രശ്നാധിഷ്ഠിത നിയമങ്ങൾ കൊണ്ട് മനുഷ്യൻ അഴിക്കരുത് എന്നാണ് കർത്താവ് കൽപ്പിച്ചത് (മത്തായി 19:5,6). കർത്താവിന്റെ ഈ ഉപദേശത്തിന് അനുബന്ധമായിട്ടാണ് 1 കൊരി. 7:27 ൽ 'നീ ഭാര്യയോട് ബന്ധിക്കപ്പെട്ടിരിക്കുന്നുവോ, വേർപാട് അന്വേഷിക്കരുത്' എന്ന് അപ്പോസ്തലൻ പറയുന്നത്.

എന്നാൽ വിവാഹ ജീവിതത്തിൽ അപസ്വരങ്ങൾ നിലനിന്നാൽ, നിരന്തര അഭിപ്രായ ഭിന്നത നിമിത്തം ഒരു നിലയിലും സമാധാനത്തിൽ ജീവിക്കാൻ കഴിയാത്ത അവസ്ഥയിൽ വേർപിരിഞ്ഞാൽ എന്ത് ചെയ്യണം? 'പിരിഞ്ഞു എന്നു വരികിലോ വിവാഹം കൂടാതെ പാർക്കണം' (1 കൊരി. 7:11). ഈ സാഹചര്യത്തിൽ വേർപിരിഞ്ഞവരെ സഭയുടെ കൂട്ടായ്മയിൽ നിന്നോ കൂടിവരവിൽ നിന്നോ മാറ്റരുത്. കാരണം വചന കേൾവിയും ആത്മീക കൂട്ടായ്മയും ആണ് അവരുടെ മനം മാറ്റത്തിനുള്ള ഏകമാർഗ്ഗം (2 തിമൊ. 2:25, 26). ചില നാളുകൾ അങ്ങനെ കഴിയുമ്പോൾ അന്യോന്യമുള്ള വാശിയുടെയും വാഗ്വാദത്തിന്റെയും മൂർച്ച കുറയുകയും അന്യോന്യം ക്ഷമിക്കുന്നതിനും സഹിക്കുന്നതിനും വിട്ടുവീഴ്ച ചെയ്യുന്നതിനും വേർപിരിഞ്ഞവർ തയ്യാറാവുകയും ചെയ്യും. അപ്പോൾ നിരന്നുകൊൾക എന്നതാണ് ഏക പോംവഴി (1 കൊരി. 7:11). കാരണം ഭാര്യയും ഭർത്താവും മനുഷ്യദൃഷ്ടിയിൽ വിവാഹജീവിതത്തിൽ നിന്ന് വേർപിരിഞ്ഞാലും ദൈവദൃഷ്ടിയിൽ അവർ വിവാഹ ബന്ധത്തിൽ നിന്നും വേർപിരിയുന്നില്ല. അതുകൊണ്ടാണ് 'പരസംഗം ഹേതുവായിട്ടല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവനെല്ലാം അവളെ കൊണ്ട് വ്യഭിചാരം ചെയ്യിക്കുന്നു; ഉപേക്ഷിച്ചവളെ ആരെങ്കിലും വിവാഹം കഴിച്ചാൽ വ്യഭിചാരം ചെയ്യുന്നു' എന്നും കർത്താവ് പറഞ്ഞത് (മത്തായി 5:32)

e. അവിശ്വാസിയായ പങ്കാളി, വിശ്വാസിയോട് കൂടെ ജീവിക്കുവാൻ തയ്യാറായാൽ വിവാഹമോചനം സാധ്യമല്ല (1 കൊരി. 7:12-14).

അവിശ്വാസിയായി ജീവിക്കുന്ന ഒരു ഭാര്യ വിശ്വാസിയായി തീർന്ന തന്റെ ഭർത്താവിനോട് കൂടെ ജീവിക്കാൻ തയ്യാറായാൽ അവളെ ഉപേക്ഷിക്കരുതെന്നാണ് വചനം പറയുന്നത്. കാരണം ഒരു കുടുംബത്തിൽ ഒരു വിശ്വാസിയുടെ സാന്നിധ്യം ആ കുടുംബത്തിന്റെ മുഴുവൻ വിശുദ്ധീകരണത്തിനും അത് കാരണമാകും (13,14). ഇത് രണ്ട് നിലയിൽ ശരിയാണ്.

**ആത്മീക വിശുദ്ധികരണം**

'വിശുദ്ധീകരിക്കപ്പെടുക' എന്നതിന് വേർതിരിക്കപ്പെടുക എന്നാണർത്ഥം. അത് ഉടനെയാകാം, വൈകിയാകാം, വിശ്വാസിയായ ജീവിത പങ്കാളിയുടെ കാലശേഷമാകാം. 'കർത്താവായ യേശുവിൽ വിശ്വസിക്കുക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും' (അപ്പൊ. 16:31) എന്നാണ് അപ്പോസ്തലിക വാഗ്ദത്തം. രാഹാബിന്റെ വിശ്വാസം അവളുടെ കുടുംബത്തിന്റെ രക്ഷയ്ക്ക് കാരണമായെന്ന് വചനത്തിൽ കാണുന്നു (യോശുവ 6:17).

**സാന്മാർഗിക വിശുദ്ധികരണം**

അശുദ്ധമായതിനോടുള്ള ബന്ധം നിമിത്തം ഏതൊന്നും അശുദ്ധമാക്കപ്പെടുന്നു (സംഖ്യ 19:22). എന്നാൽ വിശുദ്ധമായതിനോടുള്ള ബന്ധം നിമിത്തം ഏതൊന്നും വിശുദ്ധീകരിക്കപ്പെടുന്നു എന്ന് വചനം പറയുന്നു (പുറപ്പാട് 29:37). ഒരു വീട്ടിലെ ഒരാൾ കർത്താവിൽ വിശ്വസിക്കുവാൻ ഇടയായാൽ അതുനിമിത്തം ദൈവീക അനുഗ്രഹം ആ വീട്ടിന്മേൽ വരുന്നു. ദൈവിക സംരക്ഷണവും പരിപാലനവും ആ കുടുംബത്തിലെ എല്ലാവർക്കും ഉണ്ടാകും (c.f. ഉല്പത്തി 18:26). മാത്രമല്ല, വിശ്വസിക്കുന്ന മാതാവിന്റെയോ പിതാവിന്റെയോ മേൽനോട്ടത്തിലും ശിക്ഷണത്തിലും മക്കൾ വളരുവാനും ഇടയാകും. അത് അവരുടെ സാന്മാർഗിക വിശുദ്ധിക്ക് കാരണമാകും.

**2. വിവാഹമോചനം സാധ്യമായ സാഹചര്യങ്ങൾ**

നാലു പ്രത്യേക സാഹചര്യങ്ങളിൽ വിവാഹബന്ധത്തിൽ നിന്ന് മോചനം സാധ്യമാണെന്ന് വചനത്തിൽ കാണുന്നു.

a. വേർപാടു നിമിത്തം (റോമർ 7:2)

ജീവിതപങ്കാളിയുടെ മരണം നിമിത്തം വിവാഹ ബന്ധത്തിൽ നിന്നും മോചനം സാധ്യമാണെന്ന് ഇവിടെ കാണുന്നു. 'ഭർത്താവുള്ള സ്ത്രീ ജീവിച്ചിരിക്കുന്ന ഭർത്താവിനോട് ന്യായപ്രമാണത്താൽ (നിയമപ്രകാരം) ബന്ധിക്കപ്പെട്ടിരിക്കുന്നു. ഭർത്താവ് മരിച്ചാൽ അവൾ ഭർതൃന്യായപ്രമാണത്തിൽ നിന്ന് ഒഴിവുള്ളവളായി - അർത്ഥാൽ വിവാഹബന്ധത്തിൽ നിന്നും മോചനം ലഭിക്കുന്നു.

b. ദുർന്നടപ്പ് നിമിത്തം (മത്തായി 5:32; 19:9)

'പരസംഗം ഹേതുവായിട്ടല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവനെ

ല്ലാം അവളെകൊണ്ട് വ്യഭിചാരം ചെയ്യിക്കുന്നു, പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു' എന്നാണ് കർത്താവ് പറഞ്ഞത്. എന്നാൽ പരസസംഗം നിമിത്തം ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നില്ല എന്നും ഉപേക്ഷിക്കപ്പെട്ടവളെകൊണ്ട് വ്യഭിചാരം ചെയ്യിപ്പിക്കുന്നില്ലായെന്നും കർത്താവ് ഇവിടെ പരോക്ഷമായി പറയുന്നു. അതിനു കാരണം പരസംഗം നിമിത്തമുള്ള വിവാഹമോചനം പരോക്ഷമായി മാത്രം നടക്കുന്നതിനാലാണ്. ഇവിടെ 'പരസംഗം' എന്ന് ഉപയോഗിച്ചിരിക്കുന്ന വാക്കിന്റെ സ്ഥാനത്ത് ലൈംഗിക ദുർന്നടപ്പ് എന്ന അർത്ഥം വരുന്ന വാക്കാണ് (porneia) ഉപയോഗിക്കേണ്ടത്. പുതിയ നിയമത്തിൽ ഈ വാക്ക് നാമമായും നാമവിശേഷണമായും ക്രിയയായും ഉപയോഗിച്ചിട്ടുണ്ട്. എല്ലായിടത്തും ലൈംഗിക ദുർന്നടപ്പ് എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. ചുരുക്കം ചില സ്ഥലങ്ങളിൽ ഒഴികെ എല്ലായിടത്തും ലൈംഗിക 'ദുർന്നടപ്പ്' എന്ന നിലയിൽ തന്നെയാണ് മലയാളം ബൈബിളിൽ ഇത് ഭാഷാന്തരം ചെയ്തിരിക്കുന്നതും (1 കൊരി.5:1; 6:13,18; 7:2; 2 കൊരി.12:21; ഗലാത്യർ 5:19; എഫെ. 5:3; കൊലോ.3:5;1 തെസ്സ. 4:3; വെളി. 2:21; 9:21). തന്നെയുമല്ല, ചിലർ പറയുന്നതുപോലെ കർത്താവ് ഇത് പറയുന്ന പശ്ചാത്തലത്തിൽ വിവാഹ നിശ്ചയവും വിവാഹമോചനവും അല്ല പ്രതിപാദ്യ വിഷയം (മത്തായി 1:18,19). മറിച്ച് വിവാഹ ജീവിതവും വിവാഹ ജീവിതത്തിൽ നിന്നുള്ള മോചനവും ആണ്. അതുകൊണ്ട് പരിസംഗം എന്ന പേരിൽ ഇവിടെ കാണുന്നത് ലൈംഗിക ദുർന്നടപ്പാണ്, അഥവാ വ്യഭിചാരജീവിതമാണ്. എന്നാൽ ഇവിടെ പറയുന്ന ലൈംഗിക ദുർന്നടപ്പ് വ്യഭിചാരം ആയാലും 'പരസംഗം' ആയാലും ശിക്ഷയിൽ വ്യത്യാസമില്ല. 'പരസംഗം' നിമിത്തമുള്ള ശിക്ഷ; 'ഒരുവൻ വിവാഹ നിശ്ചയം കഴിഞ്ഞ ഒരു യുവതിയോടുകൂടെ ശയിച്ചാൽ ഇരുവരെയും കല്ലെറിഞ്ഞു കൊല്ലണം (ആവർത്തനം 22:23-24); വ്യഭിചാരത്തിനുള്ള ശിക്ഷ ഒരുത്തന്റെ ഭാര്യയോടുകൂടെ ശയിക്കുന്നവൻ - വ്യഭിചാരിയും വ്യഭിചാരിണിയും മരണശേഷം അനുഭവിക്കണം (ലേവി. 20:10). എന്നാൽ ഒരുത്തൻ കന്യകയോടുകൂടെ ശയിച്ചാൽ രണ്ടുപേർക്കും മരണശിക്ഷ ഇല്ല. പക്ഷേ തുടർന്ന് അവർ ഭാര്യയും ഭർത്താവും എന്ന നിലയിൽ ജീവിക്കണം (ആവർത്തനം 22:28-29).

അതുകൊണ്ട് ന്യായപ്രമാണ പ്രകാരം നോക്കുമ്പോൾ 'പരസംഗ ത്തിന്' ഉപേക്ഷണം ആവശ്യമായി വരുന്നില്ല. കാരണം ബന്ധപ്പെട്ട ക ക്ഷികളെ അപ്പോൾ തന്നെ കല്ലെറിഞ്ഞു കൊല്ലുകയാണ്. അങ്ങനെയെ ങ്കിൽ 'പരസംഗം' എന്നതിനോട് ചേർന്ന് ഉപേക്ഷണത്തെക്കുറിച്ച് കർ ത്താവ് പറയുവാൻ കാരണമെന്താണ്? അതിനുള്ള കാരണമായി തിരു വെഴുത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് - യിസ്രായേ ലിൽ ലൈംഗിക ദുർന്നടപ്പുള്ളവരുടെ ബാഹുല്യം കൊണ്ടും അങ്ങനെ യുള്ളവർക്കെതിരെ ശിക്ഷ നടപ്പാക്കുവാനായി യോഗ്യതയുള്ളവരുടെ ന്യൂനത കൊണ്ടും മോശെയുടെ കാലത്ത് തന്നെ ലൈംഗിക ദുർന്നട പ്പിന് ന്യായപ്രമാണം നിഷ്കർഷിക്കുന്ന മരണ ശിക്ഷ ഒഴിവാക്കുകയും അതിനു പകരമായി ഉപേക്ഷണം ദൈവം മോശെയിലൂടെ അനുവദി ക്കുകയും ചെയ്തു എന്നാണ് (യോഹ 8:7-11). എന്നാൽ പരീശന്മാർ പ റയുന്നതുപോലെ മോശെ ഉപേക്ഷണം കൽപ്പിക്കുകയായിരുന്നില്ല. മറി ച്ച് കർത്താവ് വെളിപ്പെടുത്തിയത് പോലെ അനുവദിക്കുകയാണ് ചെയ് തത്. കാരണം ഉപേക്ഷണം ഒരിക്കലും ദൈവത്തിന്റെ absolute will ആ യിരുന്നില്ല മറിച്ച് permissive will ആയിരുന്നു (മത്തായി 19:4-8). അതു കൊണ്ടാണ് 'ഞാൻ ഉപേക്ഷണം വെറുക്കുന്നു' എന്ന് ദൈവം പറഞ്ഞ ത് (മലാഖി 2:16). എന്നിട്ടും മോശെ ഉപേക്ഷണം അനുവദിച്ചതിന്റെ കാ രണം 'നിങ്ങളുടെ ഹൃദയ കാഠിന്യം നിമിത്തമത്രേ' എന്നാണ് കർത്താ വ് പറഞ്ഞത് (മത്തായി 19:8).

ഹൃദയ കാഠിന്യം നിമിത്തമുള്ള ഉപേക്ഷണത്തെക്കുറിച്ച് യിരെമ്യാ പ്രവാചകന്റെ വാക്കുകൾ ശ്രദ്ധേയമാണ്. ദൈവവും യിസ്രായേലും ത മ്മിലുള്ള ബന്ധം ഭർത്താവും ഭാര്യയും എന്നപോലെ ആയിരുന്നു. എ ന്നാൽ യിസ്രായേൽ യഹോവയെ ഉപേക്ഷിച്ച് അന്യദേവന്മാരോട് ചേ ർന്ന് നടന്നപ്പോൾ അവയെ ഉപേക്ഷിച്ച് അവളുടെ ഭർത്താവായ ദൈവ ത്തിങ്കലേക്ക് മടങ്ങി വരുവാൻ ദൈവം തന്റെ പ്രവാചകന്മാരിലൂടെ പല വട്ടം ആവശ്യപ്പെട്ടുവെങ്കിലും അവൾ തന്റെ നടപ്പിനെ കുറിച്ച് അനുത പിച്ച്, ക്ഷമ ലഭിക്കേണ്ടതിനും നിരപ്പ് പ്രാപിക്കേണ്ടതിനും ആയി, തന്നി ലേക്ക് മടങ്ങി വരുമെന്ന് ദൈവം പ്രതീക്ഷിച്ചു എങ്കിലും യിസ്രായേൽ അവളുടെ ഹൃദയ കാഠിന്യം നിമിത്തം മടങ്ങി വന്നില്ല. അതുകൊണ്ട് ദൈവം അവളെ ഉപേക്ഷിച്ച് ഉപേക്ഷണപത്രം കൊടുത്തു എന്നാണ് യിരെമ്യാവ് പറയുന്നത് (യിരെ. 3:6-8).

അതുപോലെ ലൈംഗിക ദുർന്നടപ്പിൽ ജീവിക്കുകയും ഹൃദയകാഠിന്യം നിമിത്തം ക്ഷമയ്ക്കും നിരപ്പിനുമായി മാനസാന്തരപ്പെട്ട് ഭർത്താവിലേക്ക് മടങ്ങിവരാൻ മനസ്സില്ലാതിരിക്കുന്ന ഒരു ഭാര്യ ഉള്ളപ്പോൾ അവിടെ ഉപേക്ഷണം അല്ലാതെ വേറെ വഴിയില്ല. അഥവാ മടങ്ങിവരാൻ തയ്യാറായാൽ, നിർമ്മലത നഷ്ടപ്പെട്ട പങ്കാളിയെ ഉൾക്കൊള്ളുവാനും കൈക്കൊള്ളുവാനും ക്ഷമിക്കുവാനും ഹൃദയ കാഠിന്യം നിമിത്തം മനസ്സില്ലാത്ത ഒരു ഭർത്താവ് ഉള്ളപ്പോൾ ഉപേക്ഷണമാണ് ഏക പോംവഴി (മത്തായി 19:8-9). കാരണം, ഉപേക്ഷണത്തിന് കാരണമായ ഈ സാഹചര്യത്തിൽ നിരപരാധിയായ പങ്കാളി വിവാഹമോചനം നടത്തുകയോ വിവാഹമോചനത്തിന് മുൻകൈ എടുക്കുകയോ ചെയ്യുന്നില്ല. മറിച്ച് ഉപേക്ഷിച്ചു പോകുന്ന പങ്കാളിയാണ് മുൻകൈ എടുക്കുന്നത്. അതുകൊണ്ട് നിരപരാധിയായ പങ്കാളിക്ക് ഫലത്തിൽ പരോക്ഷമായി വിവാഹമോചനം ലഭിക്കുകയാണ് ചെയ്യുന്നത്. ഇക്കാരണത്താലാണ് 'പരസംഗം' നിമിത്തം ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരു വിവാഹം ചെയ്യുന്നവൻ വ്യഭിചാരം ചെയ്യുന്നില്ല എന്ന് കർത്താവ് പരോക്ഷമായി പറഞ്ഞത്.

'പരസംഗം' എന്ന ലൈംഗിക ദുർന്നടപ്പിന് വധശിക്ഷ ഒഴിവാക്കി ഉപേക്ഷണം അനുവദിച്ചതിലൂടെ മനുഷ്യനോടുള്ള ദൈവത്തിന്റെ കൃപയും കരുണയുമാണ് വെളിപ്പെടുന്നത്. ഒന്നാമതായി അപരാധിയായ പങ്കാളിയെ വധശിക്ഷയ്ക്ക് വിധേയമാക്കണം എന്നതാണ് കൽപ്പന (ആവർത്തനം 22:22). എന്നാൽ അതിനെ നിഷ്കർഷിക്കാതെ ഉപേക്ഷിക്കാൻ അനുവദിച്ചതിലൂടെ ആ വ്യക്തിക്ക് മാനസാന്തരപ്പെടുന്നതിനും ദൈവത്തോട് നിരക്കുന്നതിനും ദൈവം ഒരു അവസരം നൽകുന്നു (യോഹ. 8:7-11). രണ്ടാമതായി നിരപരാധിയായ പങ്കാളിക്ക് വ്യഭിചാരിണിയുടെ ഭർത്താവ്/ വ്യഭിചാരിയുടെ ഭാര്യ എന്ന ആക്ഷേപം നിയമപരമായി ഒഴിവായി അഭിമാനത്തോടെ ജീവിക്കുവാൻ ഒരു അവസരം നൽകുന്നു.

c. വിശ്വാസം നിമിത്തം (15-16)

'അവിശ്വാസി വേർപിരിയുന്നെങ്കിൽ വേർപിരിയട്ടെ... ഈ വകയിൽ സഹോദരനോ സഹോദരിയോ ബദ്ധരായിരിക്കുന്നില്ല'. ജീവിച്ചിരിക്കുന്ന ഭർത്താവുള്ള സ്ത്രീ ന്യായപ്രമാണത്തിൽ (നിയമപ്രകാരം) ജീവിച്ചിരിക്കുന്ന ഭർത്താവിനോട് ബന്ധിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഭർത്താവ് മരിച്ചാൽ ഭർതൃ ന്യായപ്രമാണത്തിൽ നിന്ന് ഒഴിവുള്ളവളായി (റോമർ 7:2). അതുപോലെതന്നെ അവിശ്വാസിയായ ഒരു ഭാര്യ / ഭർ

ത്താവ് തന്റെ ജീവിതപങ്കാളി വിശ്വാസിയായി തീർന്നു എന്ന ഒറ്റ കാര ണത്താൽ ആ വ്യക്തിയെ ഉപേക്ഷിച്ചുപോകുന്നു എങ്കിൽ അവർ തമ്മി ലുള്ള വിവാഹബന്ധം അവിടെ തീരുന്നു. ഈ വകയിൽ സഹോദരനോ സഹോദരിയോ ബദ്ധരായിരിക്കുന്നില്ല. അർത്ഥാൽ, വിവാഹനിയമപ്ര കാരം ബന്ധിക്കപ്പെട്ടിരിക്കുന്നില്ല.

കാരണം മത്തായി 10:37; ലൂക്കോസ് 14:26 മുതലായ വാക്യങ്ങളു ടെ അടിസ്ഥാനത്തിൽ ഒരു ക്രിസ്തു ശിഷ്യന് ക്രിസ്തുവിനെക്കാൾ അ ധികം സ്നേഹം ആരോടും പാടില്ല എന്ന് കാണുന്നു. അതുകൊണ്ട് വി ശ്വാസം നിമിത്തം അവിശ്വാസിയായ ഒരു ജീവിതപങ്കാളി വിശ്വാസിയാ യ ഭാര്യയെ / ഭർത്താവിനെ ഉപേക്ഷിച്ചു പോകുന്നു എങ്കിൽ തന്റെ വി ശ്വാസം ഉപേക്ഷിച്ച് ജീവിതപങ്കാളിയെ കൂടെ നിർത്തുവാൻ വിശ്വാസി ശ്രമിക്കുന്നത് ദൈവഹിതം അല്ല. കാരണം വിശ്വാസി വിവാഹ സംബ ന്ധമായി അവിശ്വാസിയോട് ഇക്കാര്യത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നില്ല. എന്നാൽ ഇക്കാര്യത്തിൽ വിശ്വാസി ഒരിക്കലും മുൻകൈ എടുക്കരുത്. അവിശ്വാസിയുടെ ഏകപക്ഷീയമായ തീരുമാനത്താൽ വേർപിരിഞ്ഞു പോകുന്നു എങ്കിൽ അങ്ങനെ നടക്കട്ടെ എന്നാണ് അപ്പോസ്തോലിക ഉപദേശം. ദൈവ മുമ്പാകെ ഒരു വിവാഹബന്ധം അവസാനിച്ചതായി ദൈവം കണക്കാക്കുന്ന മൂന്നാമത്തെ സാഹചര്യം ഇതാണ്.

d. വിജാതീയ ബന്ധം നിമിത്തം

എസ്രായുടെ കാലഘട്ടത്തിൽ അന്യജാതിക്കാരായ ഭാര്യമാരെയും അവരിൽ നിന്നു ജനിച്ച മക്കളെയും യിസ്രായേല്യരുടെ ഇടയിൽ നി ന്നും നീക്കം ചെയ്യുവാൻ അവർ ദൈവത്തോട് ഒരു നിയമം ചെയ്തു (എസ്ര 10:2-3). അവർ ചെയ്ത നിയമവും തീരുമാനവും ന്യായപ്രമാണ ത്തിന് അനുസൃതമായിരുന്നു (10:3); ദൈവിക ആലോചന പ്രകാരം ആ യിരുന്നു (10:10-11). ഇവിടെ ഉപേക്ഷണത്തിന് ദൈവത്തിന്റെ അംഗീകാ രം ഉണ്ടാകുവാൻ മൂന്നു കാരണങ്ങളുണ്ട്.

ഒന്നാമതായി വിജാതീയ ആരാധനകളും ആചാരങ്ങളും ഉള്ള അ ന്യജാതിക്കാരുമായി വിവാഹബന്ധം യിസ്രയേല്യരെ തങ്ങളുടെ ദൈവ ത്തിൽ നിന്ന് അകറ്റുമെന്ന് അവർ മനസ്സിലാക്കി.

രണ്ടാമതായി യിസ്രായേല്യരും അന്യജാതിക്കാരും തമ്മിൽ ദൈവ ദൃഷ്ടിയിൽ ഒരു വിവാഹബന്ധം നിലനിൽക്കുന്നില്ല, മറിച്ച് അവിഹിത ബന്ധമാണ് ഇതുവരെ ഉണ്ടായിരുന്നത്.

മൂന്നാമതായി യിസ്രായേൽ ദൈവത്തിന്റെ ജനമാണ്; ദൈവമാണ് അവരുടെ കർത്താവ്; ദൈവത്തിന്റെ വചനമാണ് അവരുടെ പ്രമാണം. അതുകൊണ്ട് അവരുടെ മുഖ്യ പ്രതിബദ്ധത ദൈവത്തോടാണ്, ഭാര്യമാരോടല്ല. ഇക്കാരണത്താൽ ആണ് വിജാതീയരായ ഭാര്യമാരെ തങ്ങളിൽ നിന്നും അകറ്റുവാൻ ദൈവീക ആലോചനപ്രകാരം യിസ്രായേല്യർ തയ്യാറായത് (ആവർത്തനം 7:1-4).

വിവാഹമോചനം സാധ്യമാക്കുന്നതായി നാം കണ്ട നാല് സാഹചര്യങ്ങളിൽ ആദ്യത്തെ മൂന്നെണ്ണത്തിലും നിരപരാധിയായ പങ്കാളിക്ക് വിവാഹമോചനം പരോക്ഷമായി മാത്രം ലഭിക്കുന്നതാണ് നാം കണ്ടത്. മേൽ പ്രസ്താവിച്ച സന്ദർഭങ്ങളിൽ എല്ലാം നിരപരാധിക്ക് വിവാഹമോചനം ലഭിക്കുകയാണ്, നേടുകയല്ല. അവസാനത്തെ ഒരു സാഹചര്യത്തിൽ മാത്രം ദൈവത്തോടും ദൈവിക പ്രമാണത്തോടും കൂറു തെളിയിക്കുന്നതിനായി വിശ്വാസിയായ പങ്കാളി വിവാഹമോചനത്തിന് പ്രത്യക്ഷമായും ക്രിയാത്മകമായും പ്രവർത്തിക്കുന്നു എന്നും നാം കണ്ടു.

## III. പുനർവിവാഹവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ (1 കൊരി. 7: 9,15 - 16)

### 1. പുനർവിവാഹം വിഹിതമായ സാഹചര്യങ്ങൾ

a. വേർപാട് നിമിത്തം ഉപേക്ഷിക്കപ്പെട്ടവർക്ക്: ജീവിതപങ്കാളിയുടെ വേർപാട് നിമിത്തം ഉപേക്ഷിക്കപ്പെട്ട വിധവകൾ, വിഭാര്യർ എന്നിവർക്ക് പുനർവിവാഹം വിഹിതം ആണ് (റോമർ 7:2).

b. ലൈംഗിക ദുർന്നടപ്പ് നിമിത്തം ഉപേക്ഷിക്കപ്പെട്ടവർക്ക് (മത്തായി 19:6-9)

c. വിശ്വാസം നിമിത്തം ഉപേക്ഷിക്കപ്പെട്ടവർക്ക് (1 കൊരി. 7:15-16)

d. വിശ്വാസത്തിൽ വരുന്നതിനുമുമ്പ് ഉപേക്ഷിക്കപ്പെട്ടവർക്ക് (1 കൊരി. 7:9)

### 2. പുനർവിവാഹം വിലക്കപ്പെട്ട സാഹചര്യങ്ങൾ

a. വിശ്വാസി അവിശ്വാസിയെ വിവാഹം കഴിക്കുന്നത് (1 കൊരി. 7:39)

b. ഏതൊരു കാരണം ചൊല്ലിയും ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നത് (മത്തായി 19 :9)

c. ഉപേക്ഷണത്തിലൂടെ മലിനമാക്കപ്പെട്ടവളെ വീണ്ടും സ്വീകരിക്കുന്നത് (ആവർത്തനം 24:1-4).